സാന്ധ്യരാഗം

Kavitha
QUILON. 1

(Malayalam)

SANDHYARAGAM
(Poetries)

By KAVITHALAYAM MANOHAR

First Impression MARCH 1979

Copies : 1000

Printed at
Geekay Printers Quilon

Prize Rs. 2

Publishers
KAVITHALAYA BOOKS
Polayathode, Quilon - 1

സാന്ധ്യരാഗം

— കവിതകൾ —

കവിതാലയം മനോഹർ

കവിതാലയ ബുക്ക്സ്
പോളയത്തോട്, കൊല്ലം.

വില രൂ. 2-00

കവിതാലയം മനോഹറിന്റെ
കൃതികൾ

സാന്ധ്യരാഗം — കവിതകൾ

പണിപ്പുരയിൽ : —

പഞ്ചരാത്രം (പ്രൊഫഷണൽ നാടകം)

നിശീഥിനി സിനിക് നോവൽ
(ഗാനങ്ങളുടങ്ങിയ സ്ക്രീൻ
പ്ലേ രീതി)

പ്രസ്താവന

പണ്ടേ മുതൽക്കുണ്ട് ആ സംശയം – തർക്കവും. കവിതയ്ക്ക് വൃത്തം വേണോ? എന്നുവച്ചാൽ ഗാനാത്മകത വേണോ? അതെ, 'താളബദ്ധത' കവിതയ്ക്ക് അനിവാര്യമോ? വൃത്തം എന്നത് ഗാനാത്മകത്വത്തിന്റെ ഹൃത്സ്പന്ദനമായ താളം തന്നെയാണല്ലോ.

ഈ സംശയം, ഈ തർക്കം, ഒന്നു തീർക്കാൻ ശ്രമിക്കാം – തീരെ അങ്ങു തീരുമെന്നു തോന്നുന്നില്ല, എങ്കിലും ശ്രമിക്കാം.

കവിതയിലെ സംഗീതം, അഥവാ താളബദ്ധത സാധാരണ ഗാനകലയുടേതല്ല, എന്ന് ഓർക്കുക. ഗാനത്തിന്റേതായ താളം ഒന്ന്, കവിതയിലെ താളം വേറൊന്ന്. കവിതയെ, കവിതയെന്നു തോന്നിക്കാൻ അതിലുള്ള ഒരു മുദ്ര തെളിച്ചെടുക്കുമ്പോൾ, അതാണ് അതിന്റെ താളം (rhythm) എന്നു ബോദ്ധ്യപ്പെടും.

എന്താണ് ആ മുദ്ര? ബിംബം (Imagery) എന്ന് പുതിയ ഭാഷയിൽ പറയാം. ഭാവനാജന്യമായ ഭാവോദ്ദീപക വസ്തുവാണത്. ഭാവോദ്ദീപനത്തിന് ആ വസ്തു സമർത്ഥമാവണമെങ്കിൽ, അതിന് നൈസർഗ്ഗികമായ ആന്തരതാളം അത്യന്താപേക്ഷിതമാകും. പ്രതിഭാശാലികൾക്കേ ആ ആന്തരതാളബദ്ധമായ ഭാവോദ്ദീപക വസ്തു സൃഷ്ടിക്കാനാവൂ. രാത്രിയിൽ വിടരുന്ന മുല്ലപ്പൂക്കളെ ഭൂവിന്റെ സ്വപ്നമാക്കുന്നത് അലങ്കാരകല്പനയെന്ന്

പഴയ ഭാഷയിൽ എളുപ്പത്തിൽ പറഞ്ഞൊഴിയാമെങ്കിലും, ഗാനവിവശയായ ഒരു കാമിനിയുടെ മുഗ്ദ്ധാഭിലാഷം പ്രകാശിപ്പിക്കേണ്ടുന്ന ഒരു കാവ്യഖണ്ഡത്തിൽ ആ കല്പന വെറും അലങ്കാരമെന്ന പദവിയിൽ നിന്നുയർന്നു്, ആ കാവ്യത്തിന്റെ ഭാവോന്മീലനത്തിനു ഉപസ്കാരകമായിത്തീരുമ്പോൾ അതു്, ഒന്നാംതരമൊരു ബിംബമായി പരിണമിക്കുന്നു. ആ ബിംബം മുഗ്ദ്ധഭാവത്തിലേയ്ക്കു് സഹൃദയ ഹൃദയത്തെ വിനയിക്കുന്നതു് അതിന്റേതായ ചലനാത്മകത കൊണ്ടാണു്. അതുതന്നെയാണു് ആ കവിതയിലെ ലയവും താളവും.

വൃത്തമാകട്ടെ ആന്തരമായ ആ താളത്തെ ഒന്നുകൂടെ ഉന്മിഷത്താക്കാൻ ഉപകരിക്കുന്ന ഒരുപായം മാത്രമാണു്. അത്യാവശ്യമാണു്, അല്ല അത്യാവശ്യമെന്നുതന്നെ ഞാൻ പറയും. 'പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവ്വണശശിബിംബം' ആണു് ഉലകിനുയിരാം പ്രേമം എന്നു പാടുന്ന കവി, അതങ്ങനെ പാടാതെ, ഒന്നു പറഞ്ഞുവച്ചെന്നു സങ്കല്പിക്കുക, പ്രേമം, അതു നമ്മെ പാലമൃതു് ഊട്ടുന്ന പൂർണ്ണചന്ദ്രനാണു്–എന്നിങ്ങനെ പറയുമ്പോൾ ആ ബിംബത്തിലെ താളാത്മകത സൂക്ഷ്മദൃക്കിനു് കാണാനൊക്കും. നിപുണ നേത്രങ്ങൾക്കു് കേൾക്കാനൊക്കും. കവിതാ പാരായണം നടത്തുന്നവർ എല്ലാവരും സൂക്ഷ്മദൃക്കുകളോ നിപുണ ശ്രോതൃവാന്മാരോ ആവണമെന്നില്ലല്ലോ, എല്ലാവരേയും കവിതയുടെ പാലൂട്ടണമെങ്കിൽ മറ്റെന്തെങ്കിലും ഒരുപാധികൂടെ ഉണ്ടാക്കണം. അതാണു വൃത്തം; ബാഹ്യ സംഗീതോപകരണം. കവിതയ്ക്കു് ബഹുജന രഞ്ജകത്വം നേടണമോ? – ഈ ബാഹ്യാലംകൃതി അനുപേക്ഷണീയമാണു്.

ഛന്ദോമുക്തകങ്ങളോ മുക്തഛന്ദസ്സുകളോ ആയ കവിതകൾ പെരുകി വന്നതോടെയാണു് കവിതയുടെ കൂമ്പടഞ്ഞെന്ന മുറവിളി പൊന്തിയതു്. കവിതാസ്ലുകിക്ക

പറന്നുയരാനുള്ള ഛന്ദോമയമായ ചിറകുകൾ കരിച്ചു കളഞ്ഞു വിപ്ലവജ്വരബാധയേററ ചിലരുടെ തീക്ഷ്ണ ഭാവന അവരിൽ നിന്നു കവിതാശുകിയെ സംരക്ഷിക്കാൻ യുവ കവികളിൽ ചിലർ മുന്നോട്ടു വരുന്നതു് ശുഭശകുനമായി ഞാൻ കരുതുന്നു.

അക്കൂട്ടത്തിൽ ഗണനീയസ്ഥാനം നേടാൻ സർവ്വഥാ സമർഹനാണു ഈ സാന്ധ്യരാഗത്തിന്റെ കർത്താവു് ഗാനാത്മകങ്ങളായ ചില നൂതന വൃത്തങ്ങളിലൂടെ ഉദ്രേകത്തിന്റെ ഭാവനയും ഭാവദീപകബിംബങ്ങളും സ്വച്ഛന്ദ സഞ്ചാരം ചെയ്യുന്നതു് കൗതുകപൂർവ്വം ഞാൻ കണ്ടു. എനിക്കു കവിത കണ്ടാൽ ഉറക്കെ പാടണം പാടിപ്പാടി അതിന്റെ അന്തഃസൗഭഗവും ആന്തരമാധുരിയും മെല്ലെ മെല്ലെ സ്വാംശീകരിക്കണം. അതിനെ ഹൃദയസംവാദമുണ്ടാക്കണം അതിനു പററിയില്ലെങ്കിൽ ഞാൻ കവിത വായിക്കുന്നതിനു പകരം കെമിസ്ട്രിയോ ഫിസിക്സോ എടുത്തു് അതിനെ സംബന്ധിക്കുന്ന ബുദ്ധിപര പരീക്ഷണങ്ങളിൽ രസിച്ചു കൊള്ളാം. ഹൃദയത്തിനു വിശക്കുമ്പോൾ ബുദ്ധിയുടെ ഭക്ഷണം കഴിക്കുന്ന ഞാൻ അങ്ങനെ ഒരു 'പെരുംതലയ'നായ വികൃത ജന്തുവായി അലഞ്ഞേക്കാം. എനിക്കു് സുകൃതജീവിയാകാനാണു് ഇഷ്ടം. എന്നെപ്പോലുള്ളവർ ഈ സാന്ധ്യരാഗത്തിലെ ഗാനാത്മക കവിതകൾ ഉറക്കെപ്പാടി രസിക്കട്ടെ അങ്ങിങ്ങു് ഭാഷയിലോ മററോ കാണുന്ന വൈകല്യങ്ങൾ ഗാനധാരയിൽ മൃദുലീകരിക്കും.

ഈ യുവ കവി ഒന്നുകൂടെ ബാഹ്യശുദ്ധിക്കായി, ഭാഷാ ശുദ്ധിക്കായി ശ്രദ്ധിക്കയോ ശ്രമിക്കയോ ചെയ്യുമെന്നു് എനിക്കു വിശ്വാസമുണ്ടു്. അഭ്യാസം കൊണ്ടുമാത്രം നേടാവുന്ന ഒന്നാണതു്, കർമ്മായത്തമായ ഒന്നാണതു്, ജന്മായത്തമായതു് ഉണ്ടെന്നു തീർച്ച – കവിത്വം അഥവാ പ്രതിഭ. ഇനിയുണ്ടാകേണ്ടതു്, ഉണ്ടാക്കി എടുക്കാവുന്നതു മാത്രമാണു് അതു്.

കമലിനിയിലൊരു കമലമതിലമരുമംബേ!
കലാവതി!കവിജനനി! നളിനമിഴിയാളേ

എന്നു കവിമാതാവിനെ സംബോധന ചെയ്തു് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുന്ന ഒരാൾക്കു് കവിതാശക്തി കൈവരാതിരിക്കുമോ? സുമുഖീമണി സന്ധ്യ കുങ്കുമ വസ്ത്രധാരിയാകാതെ കുങ്കുമ വസ്ത്രധാരിണിയാക്കി മാററാൻ ഒന്നുകൂടെ പദശുദ്ധിയിൽ ശ്രദ്ധിക്കുമായിരുന്നെങ്കിൽ എളുപ്പമാവുമായിരുന്നു. ഇതാണു് ഇനി ഈ കവി ശ്രദ്ധിക്കേണ്ടതു്. ഇത്തരം കുറവുകൾ ചൂണ്ടിക്കാണിക്കാതെ അവതാരികാകാരൻ ആശംസാവചസ്സുകൾ മാത്രം ചൊരിഞ്ഞു് സ്വയം കപട നാടക നടനാവുകയും കവിയെ വിഡ്ഢിയാക്കുകയും ചെയ്താൽ, അതു ഗുണത്തെക്കാളേറെ ദോഷമാവും ചെയ്ക. ഞാൻ ഈ കവിയെ അറിയില്ല. കണ്ടിട്ടില്ല എനിക്കൊരു ബന്ധവും അദ്ദേഹത്തോടില്ല അകലെയിരുന്നു് ഈയൊരാവശ്യം അറിയിച്ചു ഞാനതിനു് സസന്തോഷം വഴങ്ങി. എൻെറ അവതാരിക കൊണ്ടു് ഈ കവി സനാതന യശസ്സു നേടുമെന്ന വ്യാമോഹം എനിക്കില്ല. പക്ഷേ മറെറാന്നുണ്ടു്. ഈ കവി മലയാളത്തിലെ ഒരു ശക്തിയായി വളർന്നു കഴിയുമ്പോൾ അക്കാലത്തു് ഈ അവതാരികാകാരൻ സ്മരിക്കപ്പെടും!

ആ സ്വാർത്ഥതയിൽ ഒളിഞ്ഞു കിടക്കുന്ന നിസ്വാർത്ഥതയെ സഹൃദയർ ക്ഷമിക്കട്ടെ.

ലക്ഷ്മീനിലയം,
മദിരാശി–28.
7–3–1979

ഡോക്ടർ എസ്. കെ നായർ
(ഒപ്പു്)
മദ്രാസ് യൂണിവേഴ്സിററി

സമർപ്പണം

എനിക്ക് ഓർമ്മവെച്ച നാൾ മുതൽ ഞങ്ങളുടെ വീട്ടിൽ ഒരലിഖിത നിയമമുണ്ടായിരുന്നു. സന്ധ്യക്ക് അമ്മ, രാമായണം, ഭാഗവതാദി വിശിഷ്ട പുരാണ ഗ്രന്ഥങ്ങൾ പാരായണം ചെയ്യും, കുട്ടികളായ ഞങ്ങൾ അതു കേട്ടിരിക്കണം. ആദ്യം ഞാൻ ഒറ്റയ്ക്കായിരുന്നു. പിന്നീട് മൂന്നനുജന്മാർ കൂടി അതാവർത്തിച്ചു. എനിക്കേതാണ്ട് പത്തുവയസ്സായപ്പോൾ, ഹരിനാമകീർത്തനം കാണാപ്പാഠം പഠിച്ച് ദിനംദിനം രണ്ടുവരി പദ്യം വീതം ചൊല്ലിക്കേൾപ്പിക്കണമെന്നായി അമ്മ. ഇംഗ്ലീഷുകാരുടെ ഒരു എൻജിനീയറിംഗ് വർക്ക്ഷോപ്പിലായിരുന്നു അച്ഛന് ജോലി. മലയാളവുമായി അത്ര പ്രേമത്തിലൊന്നുമല്ലായിരുന്നു, എങ്കിലും അച്ഛനും ഈ തീരുമാനം ശരിവച്ചു. എന്നിട്ടൊരു നിബന്ധനകൂടി: "ദിവസേന രണ്ടു വരി കാണാതെ ചൊല്ലി കേൾപ്പിച്ചില്ലെങ്കിൽ അത്താഴം കൊടുക്കണ്ടാ" എനിക്കച്ഛനോട് ദേഷ്യം, യാതൊരാവശ്യവുമില്ലാത്ത പിടിവാശിയാണമ്മയുടേതെന്ന് ഉറക്കെ പറഞ്ഞുകൊണ്ടിരുന്നു ഞാൻ. ഈ സമയം കൊണ്ട് വല്ല ഭൂമിശാസ്ത്രമോ, ചരിത്രമോ പഠിക്കുന്നതാണ് നല്ലതെന്ന് എനിക്കു തോന്നി. ഞാനൊരു വിദ്യ പ്രയോഗിച്ചു, എന്നും രണ്ടുവരി പദ്യം വീതം കൈവെള്ളയിൽ എഴുതും അമ്മ അറിയാതെ അതുനോക്കി തട്ടിവിടും. പക്ഷേ പിടിക്കപ്പെട്ടു, തൊണ്ടിസഹിതം. ശിക്ഷ! മുളച്ചീളുകൊണ്ട് അതേ കൈവെള്ളയിൽ പതിനഞ്ചടി. അടി ചുവന്നു, തുടുത്തു, ചോര

പൊടിഞ്ഞു, നിറകണ്ണുകളോടെ അമ്മ തൈലം പുരട്ടി തന്നു. ആ കണ്ണുകൾ ഈറനണിയുമ്പോഴും എന്റെ ബോധമണ്ഡലം ഉണർന്നോ? പിറ്റേദിവസം മുതൽ നാലുവരി പദ്യം വീതം കാണാപാഠം പഠിച്ച് ചൊല്ലി കേൾപ്പിക്കുമായിരുന്നു. ആ മുഖം വിടർന്നു, ഒപ്പം എനിക്ക് വിജ്ഞാനവും.

കുട്ടിക്കാലത്തേ കവിതകളോട് അഭിരുചി ഉണ്ടാക്കി എന്നെ ഞാനാക്കിയ എന്റെ അമ്മയുടെ പാദാരവിന്ദങ്ങളിൽ ഭക്തിപുരസ്സരം ഞാനീ ചെറു കവിതാസമാഹാരം സമർപ്പിക്കുന്നു.

ഞാനീ സാഹസത്തിനു മുതിർന്നത്, നാട് നന്നാക്കാനോ ജനതകളെ കർമ്മോന്മുഖരാക്കാനോ സാധിക്കുമെന്നുള്ള വിശ്വാസത്തോടെയല്ല! ക്ഷമിക്കണം !



കവിതാലയം
മനോഹർ
കവിതാലയം ബുക്സ്
പോളയത്തോട്, കൊല്ലം.

അവതാരകം

സാന്ധ്യരാഗം—ശ്രീ കവിതാലയം മനോഹറിന്റെ കന്നി കാഴ്ച കനിയാണ്.

കള്ളനോട്ടടിക്കുംപോലെ ലാഭകരമല്ല കവിതയുടെ രംഗം. എന്നാൽ കള്ളനോട്ടടിയെക്കാൾ ലാഭകരമായ മറെറാരു സാഹിത്യരംഗമുണ്ട്. പക്ഷേ, ഉട്ടുണ്ണിയിൽ വിശ്വാസമുള്ളതുകൊണ്ടായിരിക്കണം ശ്രീ മനോഹർ ആ രംഗത്തേയ്ക്കു കടന്നിട്ടില്ല.

"സ്വർഗ്ഗ സംഗീതധാര" തുടങ്ങി "അത്യന്താധുനികത" വരെ പതിനാറു കവിതകളാണ് സാന്ധ്യരാഗത്തിലെ ഉള്ളടക്കം. വാക്കുകളും അവകൊണ്ടർത്ഥമാക്കുന്ന ആശയങ്ങളും ആ ആശയങ്ങളെ അനുഭവത്തിന്റെ മൂശയിലിട്ടുരുക്കി മെരുക്കിയ രൂപശില്പവും കവിതയ്ക്കുണ്ടായിരിക്കണമെന്ന് ശ്രീ മനോഹർ വിശ്വസിക്കുന്നു.

അയത്നലളിതം എന്നു വിശേഷിപ്പിക്കാം സാന്ധ്യരാഗത്തിലെ ഓരോ കവിതയും. ജന്മാർജിതമായ വാസന അതിനു മാധുര്യം പകരുന്നു. ജീവിതാനുഭവങ്ങളുടെ തീക്ഷ്ണതയും, ജീവിതാവബോധത്തിന്റെ പ്രകാശവും ഈ സമാഹാരത്തിലെ മിക്ക കവിതകൾക്കും ചൈതന്യം പകരുന്നു.

സമകാലീന ജീവിതത്തിന്റെ ജീർണ്ണതയിൽ നിന്നു രക്ഷപ്പെടാനുള്ള, ഒരാത്മാവിന്റെ പിടച്ചിലാണ് പല കവിതകളുടേയും അന്തർധാര. ശിക്ഷണത്തിന്റേയും അഭ്യാസത്തിന്റേയും അപര്യാപ്തത കൊണ്ടുണ്ടാകാവുന്ന പോരായ്മകൾ തുടർന്നുള്ള പരിശ്രമങ്ങൾ കൊണ്ട് പരിഹൃതമാകേണ്ടതുണ്ട്. പനയുടെ ഔന്നത്യം കണ്ട് വാഴ അമ്പരക്കേണ്ടതില്ല. പരിമിത വിഭവനായ ഒരു കവിക്ക് പറന്നുയരാവുന്ന ദൂരം വച്ചു നോക്കുമ്പോൾ "സാന്ധ്യരാഗത്തിന്റെ കാന്തിയിൽ നാം ആകൃഷ്ടരാവുകതന്നെ ചെയ്യും

ഒരു കലാസൃഷ്ടിയുടെ മേന്മ നിശ്ചയിക്കുന്ന സഹൃദയൻ, സ്വർണ്ണത്തിന്റെ മാററുരച്ചു തെളിയിക്കുന്ന അഗ്നി പോലെയാണെന്നു് കാളിദാസൻ പറഞ്ഞിട്ടുണ്ടു്. അഗ്നിക്കു ശത്രു മിത്ര ഭേദമില്ല. സഹൃദയനും ജാതി- മത-ദേശ വശ്യതകളൊന്നുമേശരുതെന്നാണു് വയ്പ്പ്. അത്തരം നിരൂപകന്മാർ ഇന്നെവിടെ? വ്യക്തിഗതമായ ഇഷ്ടാനിഷ്ടങ്ങൾക്കപ്പുറം കലാസൃഷ്ടിയുടെ കാമ്പിൽ കണ്ണെത്തുന്ന നിരൂപകൻ നീലക്കൊടുവേലിപോലെ എത്ര ദുർല്ലഭം!

കവിത ഒരു ജീവിത സാധനയാക്കിമാററിയിട്ടില്ലാത്ത ഒരു കവിയുടെ കാവ്യാനുഭൂതികൾ വിലയിരുത്തുന്നോറും അഭിമാനിക്കാവുന്ന പലമേന്മകളും ഈ കൃതിയിൽ കാണാം. ധർമ്മാശുപത്രിയിലെ ഡോക്ടർ കൊടുത്ത ഡാപ്പനുസരിച്ചു്, രക്തം വിററ പണം കൊണ്ടു് മരുന്നും വാങ്ങി ഓടിയെത്തുന്ന ഭർത്താവിനു് ആശുപത്രിയുടെ ഗേററിൽ നിരോധം, സമയമായിട്ടില്ല. പ്രസവ മുറിയിൽ പ്രാണനുമായി മല്ലിട്ടു കിടക്കുന്ന ഭാര്യയെ ഓർത്തപ്പോൾ വാതൽ സൂക്ഷിപ്പുകാരന്റെ കാലുപിടിക്കാൻ പോലും അയാൾ തയ്യാറായി. രക്ഷയില്ല, ഗേററു് കാവൽക്കാരൻ നിയമം ലംഘിക്കുകയില്ല! പോക്കററിൽ ശേഷിച്ച ചില്ലറ "ചന്ദനക്കുറിക്കാരൻ കാക്കിധാരിതൻ കയ്യിൽ" സ്വകാര്യമായി ഇട്ടുകൊടുത്തപ്പോൾ,

"പുഞ്ചിരി പൂമ്പാട്ടംപോൽ സുന്ദരം മുഖം വക്രി-
ച്ചോതി" സാറുടൻ പോയിട്ടിങ്ങുപോരണം കേട്ടോ
ആളറിഞ്ഞില്ല സാറേ, വിഷമിക്കണ്ടാ കഷ്ടം!
എന്തൊക്കെപ്പറഞ്ഞുപോയ്........"

ഇരുപത്തഞ്ചു പൈസയുടെ അനുകമ്പ!...വല്ല പാടും മരുന്നുമായി ഓടിയെത്തിയപ്പോഴോ?

"അമ്മയാ മരുന്നുമാ
യങ്ങിങ്ങു പായുന്നോടു-
ന്നെങ്ങുപോയ് ഡോക്ടർ?
വീട്ടിൽ കാറയയ്ക്കണം വേഗം

കാറിനും പണത്തിനായ്
രക്തമേകവാനിനി
ക്കാണുകില്ലെന്നിൽ-കണ്ണു
മഞ്ഞളിച്ചീടുന്നല്ല്യോ!"

രക്തം വററിയവൻെറ കണ്ണ്!... അതു സത്യത്തിൻെറ നാദമല്ലെന്ന് ആർക്കു പറയാൻ കഴിയും?

ഉപാലംഭം മാത്രമല്ല; സുന്ദര സങ്കല്പങ്ങളും ഈ കവിതയെ മോഹനമാക്കുന്നുണ്ട്.

"സന്ധ്യ" എന്ന കവിത ശ്രദ്ധേയം.

അവരും കണ്ടനുരാഗലീലയ-
ങ്ങലയാഴിയുമർക്കബിംബവും
രതിമന്മഥകേളിയാടിയും
പുളകം പകരുന്ന കാഴ്ചകൾ
പുതുഹർഷതരംഗമാലകൾ
നുരയുപ്പി മറിഞ്ഞുമിക്കിളി-
പ്പെട്ടുമാറുതളർന്നു തീരമാം
മണൽ ശയ്യയിൽ വീണുറക്കമായ്!

ശ്രീ കവിരാലയം മനോഹർ കവിതയെ ഗൗരവബുദ്ധിയോടെതന്നെ കാണുന്നു എന്നതു് നല്ല സൂചനയാണ്. പല കലാസാംസ്കാരികസംഘടനകളുമായുള്ള നിരന്തരബന്ധം ഈ കാവ്യാഭിരുചിക്ക് ഓജസ്സും ഉൽക്കർഷവുമുണ്ടാക്കുമെന്നാശിക്കട്ടെ.

"സാന്ധ്യരാഗം" അണിയറയൊരുക്കങ്ങൾക്കുശേഷം അരങ്ങേറുന്നു. സഹൃദയാരാധനമാവോളം ഈ കൃതിക്ക് അനന്തരഗാമികളെ സൃഷ്ടിക്കട്ടെ എന്നാശിച്ചുകൊണ്ട്

സ്നേഹപൂർവം
പ്രൊഫ: കെ. വി. ദേവ്,
ശ്രീനാരായണ കോളേജ്,
കൊല്ലം.

പട്ടത്താനം,
2-3-'79.

ശുദ്ധിപത്രം

പുറം	വരി	തെറ്റ്	ശരി
10	12	കർമ്മേമന്മുഖരാക്കനാ	കർമ്മോന്മുഖരാക്കാനോ
13	13	യുഖവുഞാൻ	യുവാവുഞാൻ
17	11	താണ്ഡവങ്ങളം	താണ്ഡവങ്ങളും
17	13	അയയ്ക്കൂയക്ഷിച്ചുറ്റുമി	അയയ്ക്കൂകക്ഷിച്ചുറ്റുമി
17	23	പ്രക്കഞ്ചമല്ലി	പ്രപഞ്ചമല്ലി
19	18	നേക്കവേ	നോക്കവേ
22	28	എറെരാവിലേ	ഏറെരാവിലേ
23	1	പാതയിൻ	പാതയിൽ
23	3	ത്തേറനെര	ത്തേറെനേര
23	26	മൊന്നങ്ങുകാളി	ന്നങ്ങുകാളി
28	16	ക്രൂർത്തു്മഗ്രമായ	ക്രൂർത്തുമഗ്രമായ
29	11	ചയ്യുവാനിണ്ടു,വി	ചെയ്യുവാനിണ്ടു,വി
29	14	ലായുമിതന്നതാ	ലായിമേവിട്ടതാ
30	3	പൊഴിയൊരശ്രു	പൊഴിച്ചൊരശ്രു
31	9	ത്തുല്യമായ്	ത്തുല്യമായ
31	12	നേരമായയനെക്ക	നേരമായെനിക്ക
31	20	കൊയ്യൂവച്ചു	കൊലപ്പെട്ടത്തി
32	10	വിൽക്കന്നതിന്നിടെ	വിൽക്കന്നതിന്നിവിടെ
38	10	വററിയില്ലങ്കിലും	വററിയില്ലെങ്കിലും
39	1	രചിപ്പും!	രചിപ്പു!
39	10	ചൊല്ലമിതാധുനിക	ചൊല്ലാമിതാധുനിക
40	1	യത്തൊന്നകത്ത	യതൊന്നകത്തി

സാന്ധ്യരാഗത്തിനുവേണ്ടി,
സാന്ധ്യരാഗത്തെക്കുറിച്ച്

എനിക്കൊന്നേ പറയാനുള്ളൂ! ഈ സമാഹാരത്തിൽ തെററുകളും കുററങ്ങളും ഏറെ ഉണ്ട്. അതൊക്കെ ചൂണ്ടിക്കാണിച്ചുതരാൻ സഹൃദയരേ! നിങ്ങളോടാവശ്യപ്പെടുന്നു. ഞാൻ ഈ കവിതകളിൽ ചില കടുംകൈകൾ പ്രയോഗിച്ചിട്ടും ഉണ്ട്. ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, വസന്തതിലകം മുതലായ വൃത്തങ്ങൾക്കു മാത്രം കൊടുത്തുകൊണ്ടിരുന്ന വിട്ടുവീഴ്ചകൾ പൊതുവേ എല്ലാ വൃത്തങ്ങൾക്കും ഇനി നൽകിക്കൂടേ? ഞാനങ്ങിനെ ചെയ്തു ഇനി സാഹിത്യ പരീക്ഷണശാലകൾ പറയട്ടെ. ചില ഭാഗങ്ങളിൽ സന്ധികൾ ഒടിഞ്ഞും മററും മുറിവുകളേറ്റിട്ടുണ്ട്. മുറിവൊട്ടും ആർക്കും പററിയില്ലെങ്കിൽ പിന്നെ ആശുപത്രികൾ വേണ്ടാതെ വരില്ലേ? കുററങ്ങളും കുറവുകളും ഒരു തുടക്കക്കാരന്റേതെന്നു വിചാരിച്ച് പൊറുക്കുക.

ചതുരശ്രത്ര്യശ്രമിശ്രങ്ങൾ തുടങ്ങിയ താള ജാതി കണക്കുകളും, വൃത്തങ്ങളുടെ കണക്കുകളും, ഹൃദയദ്രവീകരണം സംഭവിക്കുന്ന ചില പ്രത്യേക അപൂർവ്വ രാഗങ്ങളുടെ കണക്കുകളും, തമ്മിൽ കൂട്ടിയും കുറച്ചും ഹരിച്ചും കലക്കിപ്പിഴിഞ്ഞരിച്ചെടുത്ത് കൽത്തൊട്ടികളിൽ നിറച്ചിട്ടിരുന്നാൽ ഒരു പക്ഷേ! വിശേഷ തരത്തിലുള്ള അത്തറുകൾ ഉണ്ടാവില്ലേ? പക്ഷേ ഇപ്പണിക്ക് കുറഞ്ഞതു രണ്ടു പുരുഷായുസ്സെങ്കിലും വേണമെന്നുള്ളതു സത്യമായതുകൊണ്ട് കഴിയുന്നവർ കഴിവതു ചെയ്യുന്ന കൂട്ടത്തിൽ ഞാനും അത്രമാത്രം.

ഈ കവിതകൾ വായിച്ച് അഭിപ്രായങ്ങൾ എഴുതിത്തന്ന് എന്നെ അനുഗ്രഹിച്ച സാഹിത്യാചാര്യൻ

ഡോക്ടർ എസ്. കെ. നായർക്കും, അർദ്ധനഗ്നമാം മാൻമിഴികൾ പകരം അർദ്ധനിമീലിതമിഴിയാക്കിക്കൂടെ യെന്നും മററും യുക്തിയുക്തമായതെങ്കിലും വീണ്ടും വീണ്ടും അപഗ്രഥിച്ചുമാത്രം അഭിപ്രായം പറയാൻ സാധിക്കുന്ന ഭാഗങ്ങളെ ഉദ്ധരിച്ചും വൃത്തഭംഗങ്ങളെ ചൂണ്ടിക്കാണിച്ചുതരാനും ബുദ്ധിമുട്ടിയ കേരളത്തിന്റെ കവയിത്രി ശ്രീമതി സുഗതകുമാരിക്കും, എന്റെ ആത്മഗുരു പ്രൊഫ: കെ. വി. ദേവിനും, സാന്ധ്യരാഗത്തിന്റെ പ്രതികൾ വാങ്ങിനോക്കിയിട്ട് അഭിപ്രായങ്ങളൊന്നും പറയാൻ മിനക്കെട്ടില്ലാ എങ്കിലും അനുഗ്രഹ വചനങ്ങൾ ചൊരിഞ്ഞ തകഴി, പവനൻ തുടങ്ങിയ സാഹിത്യ നായകന്മാർക്കും, മററുള്ള സുഹൃത്തുക്കൾക്കും പ്രത്യേകിച്ച് ഇതിന്റെ പ്രകാശനം നടത്താൻ വേദിയൊരുക്കിയ കൊല്ലം ഫൈൻ ആർട്ട്സ് സൊസൈററിക്കും, പ്രകാശകനും പ്രസിഡന്റുമായ ശ്രീ. രവീന്ദ്രനാഥൻ നായർക്കും സെക്രട്ടറി എൻ. ഭാസ്കരൻ അവർകൾക്കും ഫാസിന്റെ മറെറല്ലാ ഭാരവാഹികൾക്കും അംഗങ്ങൾക്കും ബാലേ നാടക രംഗങ്ങളിലെ എന്റെ എല്ലാം അഭ്യുദയകാംക്ഷികൾക്കും കുട്ടിയമ്മ പത്മാ സി. നായർ തുടങ്ങിയവർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നു.

— കവിതാലയം മനോഹർ

സാന്ധ്യരാഗത്തെപ്പററി

മകുടിയുണ്ടാക്കുന്നവൻ മണിമഞ്ചത്തിലിരുന്നു വീണ മീട്ടുകയോ? അസ്സലായിരിക്കുന്നു. കരത്തുകൊണ്ടാണെങ്കിലും കുറേ മനുഷ്യരെ ചിരിപ്പിക്കാൻ മാത്രം പഠിച്ച ഞാൻ ഒരു കവിതാനിരൂപണം നടത്തിയാൽ ഒരുപക്ഷേ സാഹിത്യകുശലന്മാർക്ക് ചിരിക്കാൻ വക നൽകിയാലോ? എന്നാൽ എന്റെ കിരീടത്തിൽ ഒരു തൂവൽകൂടി ഉണ്ടാവാൻ പര്യാപ്തമായി.

സാന്ധ്യരാഗം എന്ന ഈ കവിതാസംഗ്രഹം ഞാൻ സശ്രദ്ധം വായിച്ചു. (സാഹിത്യകാരനല്ലെങ്കിലും എനിക്കും അക്ഷരമറിയാം) ഓരോ കവിതയും ഭാവനാസമ്പന്നനായ ഒരു കവിയാണ് കവിതാലയം മനോഹർ എന്നതിനു തെളിവാണ്. ഉജ്ജ്വലവും ഉദാത്തവുമായ കല്പനയും സരളതരളമായ ശൈലിയുമുള്ള ഒരു കവി, ഇത്രയേറെ പദലാളിത്യമുണ്ടാവുക അനുഗ്രഹം തന്നെ.

സംസ്കൃത വൃത്ത നിബന്ധമാണ് കുറേ കവിതകൾ. വൃത്തമില്ലാത്ത കവിത അത്യന്താധുനികതയുടെ മലവെള്ളപ്പാച്ചിലിൽ പെട്ട ഈ കാലഘട്ടത്തിൽ മനോഹർ ജാലവിദ്യകൾ കാട്ടാതെ തനതായ ശൈലിയും ശയ്യയും സ്വീകരിച്ച് ഏകാന്തപഥികനായി സാഹിത്യസേവനം ചെയ്യുന്നു.

തീക്ഷ്ണമായ ആനുകാലിക പ്രശ്നങ്ങൾ മനോഹർ ചടുലമായിത്തന്നെ വിമർശിക്കുന്നു.

നിനക്കുവേണ്ട വിപ്ലവം — നിനക്കുവേണ്ട തൂലിക
നിനക്കു പേന തുമ്പയും — മഷിക്കു ചോരപോരയോ?

'പ്രപഞ്ചം' എന്ന കവിതയിലൂടെ ആദ്ധ്യാത്മിക ചിന്തകളുടെ മേഖലയിലേയ്ക്കു കവി ചെന്നെത്തിയിരിക്കുന്നു.

പ്രപഞ്ചമെന്റെയീശ്വരൻ — പ്രപഞ്ചമീശനീശ്വരൻ
പ്രപഞ്ചമന്തകാന്തകൻ — പ്രപഞ്ചമല്ലി ശങ്കരൻ

ഇങ്ങനെ ഉദാഹരണങ്ങൾ അനവധിയാണ് ഒക്കെക്കൂടിയുള്ള അഭിപ്രായമിതാണ് മനോഹർ കവിയുടെ ഒരു ശബ്ദം തന്നെയാണ്. ഈ കവിതോപാസകന് ഉത്തരോത്തരം വിജയമുണ്ടായി സമാരാദ്ധ്യനാകട്ടെയെന്നാശംസിക്കുന്നു.

— സസ്നേഹം കാലയ്യൂർ കുമാരൻ

ആത്മ മിത്രമേ, കവിതകൾ വായിച്ചു, നല്ല ഭാവന നല്ല വരികൾ, പൊതുവേ നന്നായിരിക്കുന്നു.
ഇനിയും എഴുതുക ഇനിയും ഇനിയും

— സ്വന്തം ടി. വി. ഗോപാലകൃഷ്ണൻ

"അനുമോദനങ്ങൾ" — അസ്സീസ് യൂണിവേഴ്സൽ

എഴുതു! മിന്നൽകൊടികളുണ്ടാകട്ടെ പഥികൻ കണ്ണു കണ്ടു നടക്കട്ടെ — ചങ്ങനാശ്ശേരി നടരാജൻ

ലക്ഷ്യബോധമുള്ള ഒരു കവിയുടെ രംഗപ്രവേശനം

— ശ്രീനി പട്ടത്താനം പത്രാധിപർ, ജനരേഖ.

മഞ്ചിക്ക് "ചെറുപോരയോ, പൊന്നോണരാവിൽ തുടങ്ങിയ കവിതകൾ ശക്തങ്ങളാണ്". — തുളസി കോട്ടുക്കൽ

"വിടരാൻ വിതുമ്പും പ്രതിഭാമുകുളമേ
ചന്തം മരന്ദം സുഗന്ധം ചൊരിയൂ നീ"

— വിളപാൻ ജി. സുഗതൻ

ആധുനികതയ്ക്ക് ആഭരണം ചാർത്തുന്ന ഭാവസുന്ദരമായ വരികൾ — പണ്ഡിററ് കൃഷ്ണൻ

ഇഷ്ടപ്പെട്ടതു "വേദന"യാണ് —കരമന രവി

"വിജയിക്കട്ടെ" — കൊല്ലം ഭാർഗ്ഗവൻ,

ഞാൻ നായക വേഷം കെട്ടുന്നതു സാധാരണ താങ്കളുടെ വരികൾക്കാണല്ലോ, — കൊല്ലം വിശ്വൻ

സാന്ധ്യരാഗം ജയിക്കട്ടെ — ആർ സി പിള്ള

"സാന്ധ്യരാഗത്തിനു പൊൻ പതക്കം തരും"

— നന്ദകുമാർ

"ധില്ലിത്ധങ്കാരനാദങ്ങളുണ്ട്" — കൃപാ രഘുനാഥ്

ഇതിലെ "കവിതേ" ഒന്നു സ്വരപ്പെടുത്താമോ എന്നു നോക്കണം — ജി. കൃഷ്ണ

ഗാനങ്ങളും എനിക്കിഷ്ടമാണ്" — പൂജപ്പുര മാധവൻ

ഈ കവിതകൾ പാടാനെന്തുസുഖം — ബെന്നി

"നിങ്ങൾക്കും കാലം വരും" — പി. വി. ദേവൻ

സ്വർഗസംഗീതധാര

ഹൃദന്തത്തിലെൻസൽക്കലാദേവതേ, നീ
വരൂ, മന്ദമന്ദം വരൂ, നൃത്തമാടാൻ
നിനക്കായിതായെൻ കരൾക്കൊമ്പിലായി
മണിത്തമ്പുരുവൊന്നിരിപ്പുണ്ടു മീട്ടാൻ.

കഴിഞ്ഞെത്ര കാലങ്ങൾ ഹേമന്തവും ഹാ
ശരത്കാലവും പോയിയെൻ മുന്നിലൂടെ
അണഞ്ഞില്ല നീയാകയാലെന്റെ വീണ–
യ്ക്കകംനൊന്തു തേങ്ങിത്തുടിക്കുന്നു കഷ്ടം.

അണഞ്ഞൂ വസന്തം എഴുന്നെള്ളു വേഗം
വരൂ! രമ്യമാമിക്കരൾപ്പങ്കജത്തിൽ
വരൂ! ദേവി നിൻ നൃത്തമേളം പകർത്താൻ
മണിത്തൂവലിൻ തുമ്പിതാ വെമ്പിടുന്നു.

അതാ കോകിലങ്ങൾ ലതാവല്ലിനീളേ
അണഞ്ഞാർത്തുപാടുന്നു രാഗങ്ങളാഹാ!
തപംചെയ്തു മൊട്ടിന്റെ നേത്രം തുറക്കാ–
നതാ, ഭൃംഗമെത്തുന്നു പാടുന്നു, ദേവി!

കരിങ്കല്ലിലെല്ലാം മൃദംഗധ്വനിക്കായ്
തിരക്കിട്ടു പൂഞ്ചോല ഹസ്തങ്ങളാലേ
അടിക്കുന്നു താളങ്ങൾ മേളങ്ങളായി
മുഴങ്ങുന്നതാ സ്വർഗ്ഗസംഗീതധാര.

നിനക്കായതാ കാൽച്ചിലങ്കയ്ക്കു വേണ്ടി–
ക്കലാശില്പവൈദഗ്ദ്ധ്യമാർന്നിട്ടു ചോല
പണിക്കായെടുത്തോരു മുത്തൊട്ടു പൊട്ടി–
ത്തെറിക്കുന്നപോൽ ചിന്നിവീഴുന്നു വെള്ളം.

നറുംപല്ലവങ്ങൾക്കിടയ്ക്കൂടായ് നവോഢ
ചിരിക്കുന്നപോൽ നാണമോടെ ചിരിച്ചും
കുളിർത്തെന്നലെത്തുന്നനേരം മറഞ്ഞും
തെളിഞ്ഞും കളിക്കുന്ന പുഷ്പങ്ങളെല്ലാം.

വസന്തത്തിലെല്ലാമലർക്കാവിലും ഹാ!
ലതാഗേഹകേളീവിലോലദ്വിജങ്ങൾ
പറക്കുന്നു പാടുന്നു പൂന്തെന്നലെപ്പോൾ
ചിരിക്കുന്നു വാസന്തമേളം പരത്താൻ.

വസന്തത്തിലെല്ലാടവും മോദഘോഷം;
വസന്തത്തിലെല്ലാർക്കുമാനന്ദമേളം
ഇരിക്കുന്നു ഞാൻമാത്രമേകാന്തനായീ-
വഴിത്താരയിൽനിന്നെയോർത്തെന്റെ ദേവീ.

ഹൃദന്തം തപിപ്പൂ! വരില്ലേ? വരില്ലേ?
തളർന്നങ്ങുറങ്ങാൻ തുടങ്ങുന്നു ചിത്തം
തളർത്തൊല്ല! ദാസന്റെ ചിത്തത്തെ ദേവീ
വരൂ വേഗമെൻപ്രാണനാം ദേവതേ നീ.

1970-ലെ മാധ്യമണ്ഡലം വിശേഷാൽപ്രതിയിൽ
പ്രസിദ്ധീകരിച്ചത്.

മഷിയ്ക്കു്, ചോറു പോരയോ?

നനാത്ത മഞ്ഞു കഞ്ചുകം
വലിച്ചുമൂടിയുള്ളിലാ-
യുറങ്ങിടുന്ന മന്നിലെ-
ച്ചരാചരങ്ങളൊക്കെയും.

ഉറങ്ങിയില്ല ഞാനഹോ!
പിടഞ്ഞുവെന്തുനീറിടും
മനസ്സുപേറിടുന്ന ഞാ-
നുറങ്ങിടുന്നതെങ്ങിനെ.

ശരീരമൊക്കെയുംബലം-
നശിച്ചുമട്ടിലായ്ത്തളർ-
ന്നുറങ്ങിടുന്ന നെഞ്ചഹോ
ചുമച്ചുപൊട്ടിവീണുപോയ്.

യുവവു ഞാൻ, യുവത്വമേ!
തിളച്ചരക്തമെൻസിര-
യ്ക്കകത്തുകൂടൊഴുക്കിനീ
വിവേകമേ ഉറങ്ങി നീ.

കഴിഞ്ഞുപോയ കാലമ-
ക്കറുത്തിരുണ്ട കൈകളാൽ
കഴുത്തുഞെക്കിടുന്നുവോ?
കടന്നുവന്ന ചിന്തകൾ.

പറന്നു തീരവെച്ചു ഞാൻ
കലാലയത്തിലെത്തിയ-
ന്നുടൻ പ്രയാണമായ്ത്തനം
പരിഷ്കരിച്ചു[illegible].

പഠിക്കുവാൻ മിനക്കെട്ടാ-
തലഞ്ഞു, പാർട്ടിവേഷ്ടിയായ്,
അതിന്റെ ഭാരവാഹിയാ-
യെനിക്കഹന്തവായ്ക്കവേ

പ്രസംഗമെന്റെ, വിപ്ലവം
ജയിക്കയെന്ന മന്ത്രണം
പഠിപ്പുലച്ചുകേട്ടനി-
ക്കുയർത്തി 'ജയ്' എൻ കൂട്ടുകാർ

ത്രസിച്ചുപോയ് ഞരമ്പുകൾ
ചുവന്നിതെന്റെ കണ്ണുകൾ
'ജയിക്ക വിപ്ലവങ്ങളേ!'
മനസ്സുപാടിയെന്തിനോ?

മറന്നുപോയി വീട്ടുമെൻ-
പിറന്നനാട്ടും, മച്ഛനെ
പ്രസൂതിദുഃഖമേറ്റുമെ-
ന്നൊട്ടുമൊത്താരെന്റെയമ്മയെ,

കഴിഞ്ഞുകൂടി കാത്തു ഞാൻ
വരേണ്ടവിപ്ലവം, എനി-
ക്കുയർത്തിടേണമെന്റെപേ-
രുയർന്നിടേണമീയിവൻ,

അണഞ്ഞു വിപ്ലവം, തിര-
ക്കിടേണ്ടതിന്റെ കാരണം
എനിക്കുവേണ്ടകാരണം
എനിക്ക ഞാൻ ജയിക്കണം.

നിരത്തിലാകെ ഞങ്ങളാർ-
ത്തിരമ്പിനിന്നവേളയിൽ

തയ്യാറെടുത്തു സർവ്വവും
നശിക്കണം! ജയിക്കണം!

വരുന്നവണ്ടികൾ തകർ-
ത്തുടച്ചതൊക്കെയഗ്നിയിൽ
എറിഞ്ഞു നഷ്ടമാക്കണം!
മനുഷ്യത്വം മരിക്കണം!

വരുന്നയാത്രവണ്ടികൾ
ക്കകത്തു പാഞ്ഞു കല്ലുകൾ
തെറിച്ചുവീണു ചെന്നിണം
ഉയർന്നു ദീനരോദനം.

എരിഞ്ഞിടുന്ന തീയിലാ-
ച്ചുവന്ന വണ്ടികൾക്കക-
ത്തെരിഞ്ഞുവീണു! മൃത്യുവിൻ-
കരത്തിലെത്ര മാനവർ

ഇരച്ചുപാഞ്ഞു പാഞ്ഞണ-
ഞ്ഞഹോ! പൊലീസുവണ്ടികൾ
പറന്നുപാഞ്ഞു പാറപോ-
ലിരച്ചുപാഞ്ഞു കുട്ടികൾ

എനിക്കുവയ്യ ചൊല്ലുവാൻ
ഉയർന്നതാണു ലാത്തികൾ
ശരീരമാകെ രക്തമാ
യെനിക്കുപ്രജ്ഞചോർന്നുപോയ്

വിശാലമാശുപത്രിയിൽ
ഞെരങ്ങിമൂളിവിങ്ങി ഞാൻ
കഴിഞ്ഞുകൂടി വീട്ടുകാ-
രണഞ്ഞതില്ല കൂട്ടരും

അഴിച്ചതില്ല ചെന്നിണം
ഉണങ്ങിടുന്ന കെട്ടുകൾ

അഴിഞ്ഞുപോയി ഏതിലെ-
ക്കൊരോരവിപ്ലവക്കൊതി!

ഇറങ്ങിയെന്റെ വീട്ടിലെ-
ക്കണഞ്ഞു, എന്റെ അച്ഛനോ-
ടിരന്നു മാപ്പുവാങ്ങുവാൻ
കരഞ്ഞു കാലിൽ വീഴുവാൻ,

കഴിഞ്ഞുപോയി! എന്നൊരാശ്-
ത്തലച്ച നെഞ്ചുപൊട്ടിയും
കരഞ്ഞുവീണ ദേഹവും
ത്യജിച്ചുപോയി അച്ഛനും,

വിതുമ്പി നെഞ്ചലച്ചു വീ-
ണരഞ്ഞൊരമ്മകേണഹോ!
സഹോദരങ്ങളും ഉഷ്ണനാ-
മിവന്റെ കാൽപിടിച്ചുപോയ്

(നിനക്കുനേരമില്ലിനി-
നിനക്കു ചിന്തവേണ്ട വേ-
ണ്ടുടൻ ഗമിക്ക നെൽച്ചെടി
ക്കനീരു കോരീട്ട സഖേ

നിനക്കുവേണ്ട വിപ്ലവം
നിനക്കുവേണ്ട തൂലിക.
നിനക്കുപേന തൂമ്പയും
മഷിക്കു ചോരപോരെയോ

എഴുത്തു ചോരമണ്ണിലാ-
മനംകുളിർത്തു നെൽച്ചെടി
നിനക്കു ജയ്മുഴക്കി നിൻ
കുടുംബവും ജയിച്ചിടും.)

★

പ്രപഞ്ചം

ത്രിമൂർത്തിമാരിലാദ്യനാം
ത്രിനേത്രനായ ശങ്കരൻ
ത്രിലോകവും ജയിച്ചവൻ
ത്രിലോകവും ഭരിപ്പവൻ

നിനയ്ക്കിലോ വിചിത്രമീ-
ശ്ശിവന്റെ ചിത്രചൈത്രനാ-
മപഗ്രഹിക്കമിത്രമേൽ
രസാവഹം മഹാത്ഭുതം

ശിവന്റെ ഭാവഹാവവും
ശിവന്റെ ഘോരരൂപവും
ശിവന്റെ താണ്ഡവങ്ങളും
അസത്യമോ? നിരീശ്വരാ!

അയസ്സൂയക്ഷിച്ചുററ,മീ-
ച്ചരാചരങ്ങളൊക്കെയു-
ങ്ങൊതുങ്ങുമീപ്രപഞ്ചമീ-
പ്രപഞ്ചമാണു ശങ്കരൻ.

പ്രപഞ്ചമെന്റെയീശ്വരൻ
പ്രപഞ്ചമീശനീശ്വരൻ
പ്രപഞ്ചമന്തകാന്തകൻ
പ്രപഞ്ചമല്ലി ശങ്കരൻ

ശിവന്റെ കാർമുകിൽച്ചിട-
യ്ക്കകത്തൊളിച്ചു ഗംഗയും
ചിടയ്ക്കു ഭംഗിചേർക്കുവാൻ
തെളിഞ്ഞുമിന്നുമിന്ദുവും

വിശാലഫാലവീഥിയി-
പ്രദേശമദ്ധ്യത്തിൽ ജ്വലി-
പ്പതോ! തൃതീയനേത്രമാം
പ്രകാശഗോളവും

ശിവന്റെയക്ഷിയുഗ്മമാ-
ണരപ്പുചങ്കറച്ചതാൻ
പ്രദോഷവും പ്രകാശമ-
ങ്ങൊഴുക്കിടും പ്രഭാതവും

കഴുത്തു ദുഷ്ടജന്തുവി-
ന്നിരിപ്പിടം പ്രപഞ്ചമി-
ജ്ജഗത്തിലുള്ള ദുഷ്ടരെ
പ്പുലർത്തുമൊട്ടനാൾവരെ

പരന്നുവേണ്ടിസർവ്വവും
സഹിക്കുമിപ്രപഞ്ചമെ-
ന്നുദാഹരിക്കുവാനതാ
ഗളത്തിലായ് വിഷാങ്കവും

സദാപി ധർമ്മരൂപിയാം
വൃഷംസ്വവാഹനം മഹാ-
നവൻ നടപ്പുദുഷ്ടരെ-
ത്തുരത്തിസംഹരിക്കുവാൻ

ശിവന്നുറക്കമില്ലവ-
ന്നുറക്കമോ സദാശിവൻ
നടക്കയാ, "ണിരിക്ക"യാ-
ണവന്നു കാൽകഴയ്ക്കയോ?

ശിവന്റെനാട്യശാലയിൽ
കടന്നുചെന്നുനോക്കുകിൽ
ശിവന്റെ താണ്ഡവങ്ങളിൽ
ലയിച്ചുനിന്നുപോവുകിൽ

അഹോ! രസങ്ങളെത്രയാ-
നടന്റെ താണ്ഡവങ്ങളിൽ,
"നമുക്കു കണ്ടു കൺമിഴി-
ച്ചിരുന്നു ചിന്തചെയ്തിടാം..."

▼

കിനാവു്

നല്ലൊരു നിശീഥിനി
ഞാനുറക്കമാണെന്റെ
ചാരത്തുപെട്ടെന്നൊരു
ദീപ്തിംചൊന്തുകയായി
പ്രത്യക്ഷയായെൻമുന്നിൽ
തേങ്ങലോടൊരുനാരി
നീറുംമിഴിക്കോണിൽജലം
ചാലുവച്ചൊഴുകുന്നു.
ആരാണു നിങ്ങൾ? ചൊല്ലു!
ചോദിച്ചുഞാനക്കണ്ണു
നീരിന്റെകാര്യം തേടാൻ
ഗദ്ഗദസ്വരത്തോടേ
എന്നെയോ അറിയില്ല?
പ്രാകൃതാകാരം എന്റെ-
തെങ്കിലും മറന്നെന്നോ
എന്നെനീ ദുഷ്ടാത്മാവേ?
ആമുഖം സൂക്ഷിച്ചു ഞാൻ
നോക്കവേ, എന്നുള്ളിന്റെ
ഉള്ളഹോ! നീറിപ്പോയി
വീണുഞാൻ പാദങ്ങളിൽ
നെഞ്ചുഞാൻ പൊട്ടിക്കേണു
കേരളാംബികേ! അമ്മേ!
പിഞ്ചുകാൽ പിഴക്കില്ലേ?
പുത്രനുമാപ്പേകില്ലേ.
പുത്രനോ! നീയോ! തെല്ലും
നാണമേ ഇല്ലേ ചൊല്ലാൻ
ശ്രീ ശങ്കരാചാര്യന്റെ
സോദരൻ നീയാണെന്നോ
കാപാലികനായ് തന്റെ
ശീർഷവും ദാനം ചെയ്യു
ത്യാഗിയാം ശ്രീശങ്കരൻ
എന്മുലപ്പാലുണ്ടവൻ

എന്മുലപ്പൂർ[illegible]
　　　　ചേർത്തു ഞാനേകില്ല നിൻ
സോദരന്മാർക്കും കഷ്ട-
　　　　മികലാലലട്ടക്കാരേ
എന്തിനു തമ്മിൽത്തല്ലു-
　　　　ന്നെന്തിനു തീവയ്ക്കുന്നു
എന്തിനു കൊല്ലുന്നെന്തി-
　　　　ന്നെന്തിനു നശിക്കുന്നു!
എന്തിനുജീവിക്കുന്നെ-
　　　　ന്നെന്നുണ്ണീ ചിന്തിക്കാതെ
ചിന്തിപ്പതെന്തിച്ഛന്തം
　　　　ചിന്താതീതകാര്യങ്ങളെ
ചിന്തിക്കതാനൊൻ താനേ
　　　　ചിന്തിക്കചിത്തംതെളി-
ഞ്ഞന്തിച്ചുപോകും പാരിൽ
　　　　വാല്മീകിമാരുമാകും
മിന്തിതൻപുറത്തേറി-
　　　　ചന്തത്തിലിരുന്നെന്നാ-
ലെന്തിനുക്രൂശന്നെന്നോ
　　　　പാഷാണജാലങ്ങളെ
താഴെനീ വന്നാലല്ലേ
　　　　ഉണ്ണുവാനൊക്കൂ നീരി-
ന്നോട്ടുവാൻ നിലംതാണ-
　　　　താകണംമേലോട്ടില്ല.
ദേവിയെന്തെല്ലാം തീർത്തു
　　　　നൊമ്പരത്തോടേ ചൊല്ലീ
ദേവിതൻ കണ്ണീരിലീ
　　　　ഞാനമങ്ങലിഞ്ഞുപോയ്
ഞെട്ടി!യീറനാമെന്റെ-
　　　　അക്ഷികൾ തുറന്നു ഞാൻ
സ്വപ്നകഞ്ചുകം മാറ്റി-
　　　　ച്ചിന്തയാർന്നിരുന്നുപോയ്.

കവിതേ

കമലിനിയിലൊരു കമലമതിലമരുമംബേ!
കവനവതി! കവിജനനി! നളിനമിഴിയാളേ!
മമകരളിനകതളിരുമൊരു സരസിജംകേൾ
മമജനനിയവിടമരുവതിനണയുകില്ലേ?

തിരുവുടലതടിയനുടെ കനവുകളിലെന്നും
നിനവുകളിലിതുപൊഴുതു മഴകലകൾപോലെ
വരുമരിയ മണിനിരകളിവനതവപാദ-
ത്തളിരിനൊരു തള പണിയുവതിനുമതിയാകും.

തളിരുകരളിലയിലുടനഴകിനൊടെയീ ഞാൻ
തളിരുമലരരിപൊരിയുമരിയ വിഭവങ്ങൾ
ഒളിയഴകുവഴിയുമഴകുടയ 'മണിദീപം' *
അതിലളിതതരമടിയനിത കരുതിവച്ചു

അനുനിമിഷമടിയനുടെയകമിഴികിണഞ്ഞെത്താ-
ട്ടനുഗതമതൊരുതവണ തവസവിധമെത്താൻ
തവസവിധമടിയനിനിയണയുവതിനെന്തേ-
ന്നഴലുകളിലുഴറിയിവനകതളിരു നീറും?

വരുക മമകദനജലമൊഴുകിയിത വീണു-
ള്ളരുവിയായിതു തിരുവുടലുകിലുകിലനെ കീർത്തി-
ച്ചുളവിലതു തവനടനമതു തുടരുവാനാ-
യുരുവിടുവതൊരു പുതിയസ്വരനടനതാളം

സ്വരമതിലലിയുമവരുടനെ നടമാടി-
ത്തരുമിവനു, പലവരവു, മമിതമിവനാശി-
പ്പതിനുമടി, യുടനെ തവപദതളിരുമാത്രം
തരുക വരുകടിയനതിനടിപണിയുമല്ലോ!

* വൃത്തം മണിദീപം

കേസരി വാരിക 11-10-1970

പൊന്നോണരാവിൽ

പുത്തനാശയം പുത്തൻവികാരമെൻ
ചിത്തമൂട്ടിയ പാലമൃതുണ്ടൊരു
കാവ്യമാകയായ്! കത്തിക്കരിച്ചുഞാ-
നൊട്ടുമുക്കാലുമായില്ലതിൻമുൻപ്

എണ്ണയാകെക്കുറഞ്ഞെൻവിളക്കിലെ
സ്വർണ്ണനാളവും നിദ്രപൂകാൻ തുടി-
ച്ചേറെവ്രീളയായ് വാടിക്കഴിഞ്ഞു, ഞാൻ
ചുറ്റുപാടൊന്നു കണ്ണയച്ചീടവേ

കണ്ടു ചാരത്തു താഴത്തലക്ഷ്യമായ്
കത്തുമായിട്ടുറങ്ങുമെൻ പത്നിയെ
മെല്ലെ ഞാൻ വിളിക്കാനാഞ്ഞു കണ്ണുകൾ
നഗ്നമായൊരാമാറിൽപ്പതിച്ചുപോയ്

കത്തുണർന്നിഴഞ്ഞാമാറിടത്തിലെ-
ത്തേനമൃതരന്ധ്രങ്ങൾ തിരക്കിയി-
ട്ടേറെയക്ഷമയായവൾ പല്ലവ-
ച്ചുണ്ടുരണ്ടും വിടർത്തിക്കരച്ചിലായ്

ഗാഢഗാഢമായ് നിദ്രകൊണ്ടോളവൾ
വേഗവേഗം പിടഞ്ഞെഴുന്നേറ്റുടൻ
പിഞ്ചുകുഞ്ഞിനങ്ങമ്മിഞ്ഞയേകിയി-
ട്ടെന്ത്രമെന്നപോൽ രാരിരോപാടവേ

അർദ്ധനഗ്നമാം മാൻമിഴിയെന്റെനേർ-
ക്കുന്നിയിട്ടവൾ മിണ്ടാതിരുന്നുപോയ്
പിഞ്ചുകാവ്യക്കിടാവിനെപ്പെറ്റിടാ-
നെന്റെ വേദനകണ്ടാൽ സഹിക്കുമോ?

ഒട്ടുനേരത്തെ മൗനംകളഞ്ഞവൾ
തെല്ലുവൈഷമ്യമോടുരചെയ്കയാ-
“ണോണരാവിലും കാവ്യമോ കഷ്ടമേ!
എറ്റെരാവിലെ നാട്ടിലേയ്ക്കങ്ങിനെ?

അച്ഛനമ്മമാർ പാതയിൻകണ്ണന-
ട്ടോണമുണ്ണാതെ നമ്മെയും കാത്തുകാ-
ത്തേറെനേരമിരിക്കാതിരിക്കുവാ-
നച്ഛയൂണിനുമുമ്പുനാമെത്തണം

എത്രകാലമായ് കാത്തിരിക്കുന്നു ഞാൻ
പൊന്നുചിങ്ങത്തിരുവോണനാളിനെ
കുഞ്ഞിനെക്കൊണ്ടു മൂത്തവർക്കൊക്കെയും,
പിഞ്ചുകൈകളാലോണമുണ്ടേകണം

കണ്ണുകാണില്ലയെങ്കിലുമുള്ളിലെ-
ക്കണ്ണുനന്നായ്ത്തെളിഞ്ഞ മുത്തശ്ശിതൻ-
കയ്യിലായ് ഓണമുണ്ടുവച്ചീടവേ
കൃഷ്ണകൃഷ്ണാവിളിച്ചിടും മുത്തശ്ശി"

വിസ്മരിച്ചുപോയ് ചൊന്നുഞാൻമുത്തശ്ശി-
ക്കോണമുണ്ടൊന്നുമില്ല വാങ്ങീല്ലടോ
പിന്നെവാങ്ങിക്കൊടുക്കാമവർക്കിനി-
യെന്തിനാണോണമുണ്ടും കവണിയും.

"മുത്തശ്ശിക്കോണമുണ്ടില്ലയെങ്കിൽ ഞാ-
നില്ല നാളെവരില്ലവൾ കൊഞ്ചവേ
ഉള്ളിനുള്ളറയ്ക്കുള്ളിലായ് തീവ്രമാം
നൊമ്പരംപൊട്ടി വിങ്ങിത്തുടിക്കയായ്

"കാശുവേണ്ടേ? കടംവാങ്ങിയോണമു-
ണ്ടില്ല വാങ്ങുന്നതില്ലെ"ന്ന മൽസ്വരം
മാറ്റൊലിക്കൊണ്ടു, ഭിത്തിയും ഞെട്ടുമാ-
റുഗ്രമായിരുന്നസ്വസ്ഥനായി ഞാൻ

മഞ്ഞളിച്ചെൻവിളക്കും! വെളിച്ചമൊ-
മൊന്നങ്ങുകാളി, ക്കരിഞ്ഞുപോയ് ധൂമമായ്!
തേങ്ങലൊന്നന്തരീക്ഷം നിശബ്ദമ-
ല്ലാതെയാക്കിയെന്നുള്ളം പിടഞ്ഞുപോയ്.

സന്ധ്യ

* "സുമുഖി"മണി സന്ധ്യ, വാനിലെ-
ച്ചെറുമേഘമറയ്ക്കു പിന്നൊളി-
ച്ചൊരു കുങ്കുമ വസ്ത്രധാരിയായ്
നെടുവീർപ്പു ഉതിർത്തുനിന്നുപോയ്

അവൾ കണ്ടനുരാഗലീലയ-
ങ്ങലയാഴിയു മർക്കബിംബവും
രതി മന്മഥകേളിയാടിയും
പുളകം പകരുന്ന കാഴ്ചകൾ.

പുതുഹർഷതരംഗമാലകൾ
നുരതുപ്പി മറിഞ്ഞുമിക്കിളി
പ്പെട്ടുമാറു തളർന്നതീരമാം
മണൽശയ്യയിൽ വീണുറക്കമായ്.

മൃദുമേനിയിൽ നീരരേണുവിൽ
കുളിർപേറിയ മന്ദമാരുതൻ
നവമംഗളഗാനവും ചൊരി-
ഞ്ഞലയുന്നു വികാരലോലനായ്

ഒരു പൂരുഷനോടുചേർന്നുമെയ്
തളരാത്തവൾ സന്ധ്യയിന്നിതാ
മിഴിചാമ്പി വികാരലോലയാ-
യതുകണ്ടു മിഴിച്ചുനിന്നുപോയ്

നവയൗവ്വനയുക്തമാർക്കതി-
ന്നെളുതാ പരലീലകാണുവാൻ?
'സുഖനിദ്രയിലാണ്ടമാനസ
രതിദേവിയുണർന്നെണീറ്റിടും!

അകമാകെയുലഞ്ഞു സന്ധ്യത-
ന്നിടനെഞ്ചു കുതിർന്നുപോയവൾ
അറിയാതെ കറുത്തമേഘമാം
മുടിവാനിലഴിഞ്ഞുവീണുപോയ്

* വൃത്തം സുമുഖി

ഇരുളിന്റെ പുതപ്പുമൂടിയി-
ട്ടലയാഴിയുമർക്കനും മറ-
ഞ്ഞലമാലയുയർന്നു താണിട്ടും
നിനദങ്ങളുയർന്നു മേൽക്കുമേൽ

മിഴിസന്ധ്യ വലിച്ചുവാനിലേ-
ക്കൊരുവേളയുയർത്തി, സ്വർഗ്ഗമ-
ങ്ങവിടാണവിടുള്ള ദൈവമാ-
ക്കദനത്തിലലിഞ്ഞുചേരുമോ?

മിഴിചെന്നു തറച്ചു ദൈവമ-
ല്ലവിടെപ്പുതുവെണ്ണിലാവുതൻ
നറുപാലൊളിയുറിയും ചിരി-
ച്ചതിസുന്ദരനമ്പിളിക്കല!

വദനാംബരമാകെയും വിളർ-
ത്തലസാംഗിയിലാകെ ലജ്ജയായ്
മൃദുമേനി തളർന്നു വേർപ്പണി-
ഞ്ഞുടനേ, ശശിചൊന്നുമെല്ലവേ!

അയി സുന്ദരി സന്ധ്യേനീവരൂ
ഇനി വൈകരുതൊട്ടുമിപ്പൊഴെ-
ന്നകമൊക്കെയുമഞ്ചുബാണനിൻ
കളിമേടയൊരുക്കി മൽസഖീ

വരു നിന്നഴകൊക്കെയും ക്ഷണം
മറയും തവ നാമധേയവും
'നിശ'യെന്നവരും യുവത്വവും
കൊഴിയും വിധിയാണിതൊക്കെയും

ശരിയോ ശശി ചൊന്നതൊക്കെയെ-
ന്നഴകൊക്കെ നശിക്കുമോ, കരം-
പിടയുന്ന മനോഹരാംഗിയാ-
ളുടനേ കദനത്തിലാണ്ടുപോയ്

മറയീ മൃദുമേനി തന്നിലെ-
ച്ചുടുചോര തുളുമ്പു, മംബര-
വദനം വിളറും ശരീരവും
കരിവർണ്ണമലിഞ്ഞതായ് വരും

വരു നീ യുവകോമളാംഗിയീ-
യൊരുയാമമെരിഞ്ഞുവീഴുവാൻ
തുനിയുന്നു നിനക്കു ഞാനൊരു
നവതാരകമാല നൽകിടാം

ഒരുശങ്കയുമെന്റെ പേരിൽ നീ
കരുതീടുകവേണ്ട നിന്നുടെ
ചുടുചോര തണുത്തുപോകിലും
ശശി കൈവെടിയില്ലൊരിക്കലും

ഇനിമേലിലെനിക്കു നീ, നിന-
ക്കിനി ഞാ, നിരുമേനി തങ്ങളിൽ
അലിയിച്ചു നവംനവം രസ
മൊരുപോലെയറിഞ്ഞിടാം വരൂ

സുമുഖീമണിയായ സന്ധ്യയും
യുവകോമളനായ ചന്ദ്രനും
ഒരുതുണ്ടുപയോധരത്തിനാൽ
മറകെട്ടി മറഞ്ഞു, "ശിവയാം."

▼

വേദന

ലോകമീ മഹാത്ഭുതത്തിൻ
ഗേഹമെന്റെ നേത്രങ്ങളിൽ
പ്രേമഗാഥ പാടിനിന്നു,
വന്നുപോയ് ഋതുക്കളെല്ലാം.

പൂത്തവല്ലിയാടിയാടി
കോകിലം മറന്നുപാടി
മഞ്ഞണിഞ്ഞ പുൽത്തുമ്പുകൾ
മുത്തണിഞ്ഞു മിന്നിനിന്നു.

എങ്ങുമെങ്ങുമാട്ടമാടി
മിന്നിനിന്നു മാമരങ്ങൾ
സാഗരത്തിലംബരത്തിൻ
നീലനീലവും നിറഞ്ഞു.

ഇപ്രപഞ്ചവും വസന്ത
ഗ്രീഷ്മ വർഷഹേമന്തങ്ങൾ
ഒത്തുചേർന്നു മന്മനസ്സിൽ
മന്മഥന്റെ നൃത്തമാടി

നൃത്തമുഗ്രതാണ്ഡവത്തിൽ
വേഗവേഗമൂർന്നിറങ്ങി
മാരലീലയായി, ബീജ-
ധാരണം നടത്തി ചിത്തം.

അല്പമായ പുഷ്പബീജ-
മെന്റെ ജീവരക്തമൂറി-
പ്പാനമായി, ഭാവനയ്ക്കു-
രൂപമായ്, വളർച്ചയായി.

ഭാവനക്കിടാവുമെല്ലേ
മന്മനഗർഭാശയത്തിൻ-
ഭിത്തിതന്നിലിട്ടു, കൈകാൽ-
തല്ലിടുന്നു, മേൽക്കുമേലേ.

വേദനിച്ചു മാനസം, ഹാ!
മൽക്കിടാവു ശീർഷമിട്ടു-
തള്ളിടുന്നു മാനസത്തിൻ
ഭിത്തി വിണ്ടുപോയപോലായ്

തിങ്ങിവന്ന മാനസത്തിൻ
വേദനാ നിനാദവും കേ-
ട്ടെന്റെ 'പേന'യാളണഞ്ഞു
സൂതികർമ്മിണി ചമഞ്ഞു.

മിന്നിടുന്ന ലോഹമാർന്നു
കൂർത്തു്ഉഗ്രമായ ഭാഗം
കത്തിനല്ലപോൽകറിച്ചു
വെട്ടിവെട്ടി വിട്ടിടുന്നു.

പശ്ചിമാംബരത്തിലായി
ചീറ്റിവീണ ശോണിതംപോൽ
ചെന്നിറം കലർന്ന തുണ്ടു
മേഘപാളിയൂർന്നൊലിച്ചു

അമ്പിളിക്കിടാവിനെത്താ-
രാട്ടുപാട്ടുപാടിയതാ-
താരകാ കുമാരികളും
നൃത്തമാടിയംബരത്തിൽ.

സാന്ധ്യരാഗം

സാന്ധ്യരാഗാർദ്രമാം
പശ്ചിമാബ്ധിക്കരെ–
ക്കപ്പുറത്തെന്തതാ!
വഹ്നി കത്തിക്കയോ?

    പൊന്നുരുക്കുന്നലേ
    ക്രൂട്ടിയിട്ടാരുവാൻ?
    പൊൻമണി മുത്തിനെ
    മുക്കിടുന്നാഴിയിൽ!

താര"രത്നാവലി" *
പൊൻ പതക്കം പണി–
ചെയ്യുവാനിന്ദുവി–
ന്നേകുവാനല്ലയോ?

    മേഘശിലക്കുമേ–
    ലായി മേവീട്ടതാ
    പൊന്നുരുക്കുന്ന, ത–
    ടിച്ചിടും വേളയിൽ

ശബ്ദ താളത്തിനൊ–
ത്താടിടുന്നു കടൽ
ചേലിലോളക്കരം
കൊട്ടിടുന്നു കടൽ

    വിശ്വ കർമ്മാവതോ?
    ശില്പി, * "ത്വഷ്ടാവതോ"
    സാന്ധ്യരാഗത്തിനും–
    പൊൻപതക്കം തരും.

---

* വൃത്തം രത്നാവലി

* ത്വഷ്ടാവ്.– തന്റെ പുത്രിയെ സൂര്യന് വിവാഹം കഴിച്ചു കൊടുത്തു. പക്ഷേ സൂര്യൻ) അതികഠോരമായ ചൂട് മകൾക്ക സഹിക്കുവാൻ സാധിക്കാതെവന്നതിനാൽ, ത്വഷ്ടാവ് സൂര്യന്റെ ഒരുവശം കടഞ്ഞു കളഞ്ഞു എന്ന് പുരാണം.

കശാപ്പുശാല

കിഴക്കബാലസൂര്യനാശ്വനന്റെ തേരിലേറവേ
ജഗത്തു ശോണിതാംബരം പുതച്ചു മൂടി നിൽക്കവേ
കഴിഞ്ഞ രാത്രിയെന്തിനോ പൊഴിയൊരശ്രു ബിന്ദുവാം
തുഷാരവും കടിച്ചു മത്തരായ് തൃണങ്ങളാടവേ

കഴിഞ്ഞുകൂട്ടുവാനിടംകൊടുത്ത മാമരം മറ-
ന്നകന്നു നാകലോകമെത്തുവാൻ ദ്വിജങ്ങൾ പാറവേ
നനഞ്ഞ വാക മാമരക്കടക്കൽ കീഴിലായി ഞാൻ
വിശന്നു കൺമയങ്ങി വീണുറങ്ങി ഹാ! കിടക്കവേ

മനം തികട്ടിവന്ന പൂർവ്വകാല ജീവിതം വലി-
ച്ചിഴച്ചു ഭാരവണ്ടിയെത്തിരിഞ്ഞു നോക്കി നിന്നുപോയ്
പ്രപഞ്ചവും നടുക്കിടും വിധത്തിലുഗ്രരോദനം
ശ്രവിച്ചുണർന്നു ചിന്തയിട്ടെറിഞ്ഞു നിന്നുപോയി ഞാൻ

അടുത്തുതൊട്ടടുത്തുകാരിരുമ്പിനൊത്ത പാറയാൽ
ബലിഷ്ഠമായ് പണിഞ്ഞ കൽത്തുറുങ്കുപോലിരുണ്ടതാം
മുഷിച്ച ഗന്ധപൂരിതം കടുത്തകാറ്റുവീശുമാ-
പ്പുരക്കകത്തുയർന്നു ദീനരോദനങ്ങൾ പിന്നെയും

മുറിഞ്ഞദേഹമിട്ടെറിഞ്ഞകന്നിടുന്ന ദേഹിയെ
ക്കരഞ്ഞു യാത്രയാക്കിടുന്നപോലെയാർത്ത നാദവും
ശ്രവിച്ചുനോക്കിയുള്ളിൽ നിന്നൊലിച്ചിടുന്ന ചെന്നിണം
മിഴിച്ചുപോയി ബാലിതൻ സഹോദരൻകണക്കു ഞാൻ

ഇറങ്ങിവന്നകത്തുനിന്നു കാലദൂതനെന്നപോൽ
ബലിഷ്ഠനാമൊരുത്തനെന്റെനേർക്കു ചാട്ടവീശിയും
പതുങ്ങി എന്നമെട്ടുരണ്ടതാം വയസ്സുകാരനാ-
ശിവന്റെ പിമ്പിലെന്നപോൽ മച്ചുവട്ടിലായി ഞാൻ

അണിഞ്ഞതില്ലയന്തകാന്തകന്റെ രൂപമാമരം
ധരിച്ചതില്ല ചില്ലയാം കരങ്ങളിൽ ത്രിശൂലവും
അനുഗ്രഹിച്ചു യാത്രചൊൽകയായി വാക മാമരം
തുഷാര തീർത്ഥബിന്ദുവാൽ ചുവന്ന പുഷ്പ മാരിയാൽ

വലിച്ചിഴച്ചിഴച്ചു, ഞാൻ ചെറുത്തുനിന്നു ചാട്ടവാ-
റുയർന്നു താണു ചെന്നിണം പൊടിഞ്ഞു ദേഹമാകവേ
ഇരുണ്ട കൽത്തുറുങ്കിനുള്ളിലേയ്ക്കുതന്നെ എന്നെയും
വലിച്ചെറിഞ്ഞു ചെന്നിണക്കിടക്കയിൽ പതിച്ചു ഞാൻ

തളർന്നുപോയി! ചുററിലും കബന്ധമെത്രയെത്രയാ-
ച്ചുവന്ന പട്ടുമെത്തയിൽ കിടന്നുറങ്ങിടുന്നഹോ!
"കശാപ്പുശാല"യാണതെന്നെനിക്കുബോദ്ധ്യമായിയെൻ-
ശരീരവും നിണക്കളം വരയ്ക്കുമില്ല സംശയം

ആതാ! യമന്റ കരാളവജ്റ തുല്യമായ് ഖഡ്ഗമൊ-
ന്നുയർത്തി ഹന്ത താഴ്മിക്കഴുത്തിനന്ത്യവേളയായ്
തണുത്തു ദേഹമാകവേ വിറച്ചുപോയ് സിരക്കക-
ത്തുറഞ്ഞുപോയി ചോരനേരമായെനിക്കു പോകുവാൻ

പ്രപഞ്ചരൂപിശങ്കരൻ ധ്വജാങ്കമാക്കിയുള്ളതാം
സുസത്യധർമ്മമാകവേ മരിച്ചുവീണു ഭൂമിയിൽ
ഉയർത്തെണീക്കുമാവൃഷം മരിച്ചുപോയി എങ്കിലും
അനശ്വരാത്മശക്തിയാം ത്രിരൂപി ചൊല്ലുമൊക്കെയും

(ചിരിക്കുവാനെനിക്കു വിണ്ഡലം കിടുങ്ങുമാറെനി-
ക്കുറഞ്ഞുനിന്നു ത്തുള്ളിഗർജ്ജനങ്ങളും മുഴക്കുവാൻ
എനിക്കു നേരമായി ഹേ! നരാ! മൃഗങ്ങളെക്കൊണ്ടും
കൊയ്യുവച്ചു മാംസമാഹരിച്ചു നിന്റെ മേനിയും

മിനുക്കിനീ സുഖിച്ചു ഭൗതികങ്ങളിൽ ഭ്രമിക്കിലും
മരിക്കുമില്ല സംശയം പിരിഞ്ഞുനിന്റെ ദേഹിയ-
പ്പുഴഞ്ഞനായ മാംസപിണ്ഡമെത്ര ചീർത്തതെങ്കിലും
വലിച്ചെറിഞ്ഞുകാലിനാൽ മെതിച്ചകർന്നുപോയിടും

ശരീരമോ? മൃഗങ്ങളെക്കശാപ്പുചെയ്തു തിന്ന നിൻ
ശരീരമാകൃമിക്കതല്ലയെങ്കിലപ്പുധൂളിയാം
ഇതന്നുചിന്ത ചെയ്കനിന്നിലെബ്ഭവാനുണർന്നെണീ-
റ്റുടൻ വരും തരും നിനക്കെഴാർത്ഥ ജീവിതസുഖം.)

◆

വിസ്മൃതർ

ഹേ! ലോകമേ ചപല താണ്ഡവനൃത്തമിന്നൊ-
രാശങ്കയാക്കിയിവനൊന്നു തിരിഞ്ഞുനിൽക്കേ
കാണുന്ന കാഴ്ച സഹിയാതിവനിന്നു പാര-
മിണ്ടൽപെരുത്തുകരയും മിഴിനീരുവീഴ്ത്തി

ഈ ധർമ്മഭൂമി നിലനിൽക്കുവതൊന്നുമാത്രം
നഷ്ടംവരാതിവിടെ നിന്നതുകൊണ്ടുമാത്രം
ഹാ! നഷ്ടമായതിനിയെന്നു തിരിച്ചുകിട്ടും
ചാരിത്ര്യ,മംഗനകളാകെയതും കളഞ്ഞു

ഉണ്ണാനുടുപ്പതിനു മാത്രവുമല്ല മാംസം
വിൽക്കുന്നതിന്നിവിടെ 'ഫാഷനു'മായി കഷ്ടം
വൻ 'ഹോട്ടലു'ണ്ടു മദനോത്സവകേളിയാടി-
യുന്മത്തരായിടുകയാണു ധനാഢ്യലോകം

ഹേ! മർത്ത്യ, ഇല്ലരതിമന്ദിരകേളിയില്ലാ-
തില്ലീജഗത്തു നിലകൊള്ളുകയില്ലതന്നെ
പക്ഷേ! നിനക്കുമൊരു വീട്ടി, ലതിന്നകത്തായ്
ചിത്തം പിടഞ്ഞുമൊരു ഭാര്യ, ഉണർന്നിരിക്കും

കാലക്രമത്തിലവൾ തൻപതിതന്നെയും കാ-
ത്തില്ലാ ഇരിക്കുകയുമില്ല കിടന്നുറങ്ങും
വീണ്ടും ശരിക്കവളെ വിസ്മൃതയാക്കുമെങ്കിൽ
നീയല്ല, മറ്റൊരുവിടന്റെ കരത്തിലാഴും.

▲

സട കുടയൂ

ഉണരട്ടേ! നവഭാരത-
മുണരട്ടേ! മേന്മേൽ
"സടകുടയൂ..." യുവവിപ്ലവ-
ചൈതന്യപ്രതിഭേ ..!

അയി! ഭാരതമഹിതേ നിൻ
സന്താന സഹസ്രം
എരിവയറിൽ തീജ്വാലയി-
ലടിയുന്നു കഷ്ടം !

"ചിതലു"കളുണ്ടിവിടെങ്ങും
ചെറുവിള്ളലുതേടി-
പ്പടരുന്നു, കരളുന്നു,
ജനതകളിൻ ഹൃദയം

സമുദായക്കോട്ടകളു-
ണ്ടുയരുന്നു വിവിധം
മതഭേദപ്പടവാളുകൾ
ചീറുന്നുണ്ടെങ്ങും.

ധനവാന്മാരവരല്ലീ...?
സമുദായക്കോട്ട-
ക്കധിപതികൾ, മതമെല്ലാ-
മവർ കൈകളിലല്ലീ...?

'വരുന്നിങ്ങൾ'...! താഴത്തേ-
ക്കൊന്നു,പ്പുറത്തായ"
'അമരല്ലേ' പലകോടികൾ
തൊഴിലില്ലാതില്ലേ ..?

വിവിധങ്ങൾ തൊഴിൽശാലക-
ളുയരട്ടേ, നിങ്ങൾ-
ക്കതിനില്ലേ ? "മൂലധനം"
പലകോടികളന്നേ...!

വിരൽചൂണ്ടുക വേണ്ടെന്നോ-
"ടടിയ"നിതാനിങ്ങി-
ന്നശാന്തം ചങ്ങമ്പുഴ-
കാട്ടിയ വഴിതേടി

പുതുശോണിത പുഷ്പങ്ങൾ
മനതാരുകൾ പുളകം
പൂണരട്ടെ...!ഉണരട്ടെ!
"യുവവിപ്ലവനീതി"

▲

യുവനീതി, '75 മെയ് 31

ഉണരുണരൂ!

ഭാരതം ഉറക്കം വിട്ടുണർന്നോ? യുവശക്തി-
ത്തുമ്പയും കലപ്പയും പേറുവാൻ തുടങ്ങുമോ?
യുവത്വം തുടിക്കുന്നസിരയും ത്രസിക്കുന്ന-
ചോരയും, നവാവേശധാരയിൽ ലയിപ്പിക്കൂ.

ഓരോരോ യുവാവുമിന്നോരോരോ പ്രസ്ഥാനമായ്
ഭാരതം യുവശക്തിദുർഗ്ഗമായ്ത്തീർന്നിടട്ടെ
ഹേ! യുവത്വമേ പങ്കക്കുഴിയിലെ ലക്ഷ്യം വിട്ടോ-
ന്നിറങ്ങൂ, കരത്തിന്റെ ശക്തിയൊന്നളക്കണ്ടേ

എടുക്കൂ ഇരുമ്പിന്റെ കൂറ്റനാം "കൂട"ങ്ങളീ
അന്തരീക്ഷത്തിൽ ചീറിപ്പായട്ടെ ലക്ഷ്യംനോക്കി
ഊളിയിട്ടിറങ്ങട്ടെ ഇരുമ്പിൻ കലപ്പകൾ
ഊഴിയിൽ ധാന്യത്തിന്റെ പ്രസവം നടക്കട്ടെ.

പച്ചയാകട്ടെ പാടം ആട്ടമാടട്ടെ കതിർ
പാട്ടുപാടട്ടേജനം കേട്ടുമാടട്ടേമനം

ചിതലുകൾ

സർക്കാരാതുരാലയ-
വാതിലിൽ മുഖംചേർത്തു
നിൽക്കയായ്, അവർക്കിനി-
യെന്തു, സംഭവിച്ചാവോ...?
'ധർമ്മമാണിവിടന്നു
മരുന്നും ചികിത്സയും'
കാണുകില്ലൊട്ടും മരു-
ന്നുണ്ട് 'ചീട്ടുകൾ' മാത്രം
തന്നെന്നി'ക്കഡാര'യാ-
മൊത്ത ഡോക്ടറുടൻപോയി-
ട്ടീമരുന്നെടുത്തോളൂ
വെളിയിൽകിട്ടും, വേഗം...!'
കൈവശം പണംവേണോ...?
രക്തബാങ്കിലിന്നെന്റെ
'ചോരയേകിഞാൻ പണം-
വാങ്ങിയീ മരുന്നിന്നായ്'
"എന്നെയൊന്നകത്തേക്ക-
വിടണം 'മരുന്നേകാൻ'
താമസംവിനാപോരാം-
ഡോക്ടറെക്കണ്ടൊടുടൻ"
ഇല്ലെടോ വിടത്തില്ല-
തന്നെ ഞാനകത്തേക്ക
വിട്ടുവെന്നാകിൽ ഗുണം
എനിക്കെന്തെടോ സാറേ
ആവേശനടിയന്റെ
കൈവിരൽ തപ്പിത്തട-
ഞ്ഞെത്തിയെൻപോക്കറ്റിലെ-
ച്ചില്ലറത്തുട്ടും തേടി
ഏകി ഞാനതു ഗേറ്റു-
കാവലിന്നിരിക്കുന്ന

'ചന്ദനക്കുറിക്കാരൻ'
　　കാക്കിധാരിതൻ കയ്യിൽ
പുഞ്ചിരി .. പാമ്പാട്ടംപോൽ
　　സുന്ദരം മുഖം വക്രി-
ച്ചോതി:'സാറു'ടൻപോയി-
　　ട്ടിങ്ങുപോരണം കേട്ടോ! ..
ആളറിഞ്ഞില്ലാ സാറേ
　　വിഷമിക്കണ്ടാ കഷ്ട-
മെന്തൊക്കെപ്പറഞ്ഞുപോയ്
　　തെററിദ്ധരിച്ചീടല്ലേ .
പാഞ്ഞുഞാനകത്തേ,ക്കെൻ-
　　ഭാര്യ,യപ്പേററില്ലത്തി-
ന്നകത്താ,യിരുന്നവൾ ·
　　പ്രസവിച്ചാവോ പാവം!...
ഏറെനേരമായെന്നെ-
　　കാത്തിരിക്കുന്നോരെൻെറ
മാതാവു പിടഞ്ഞെണീ-
　　റേറാടിവന്നെന്നോടോതി
പെററു!... പെൺകുഞ്ഞാണിരു-
　　വൈകിയതെന്താ മരു-
ന്നില്ലയാഞ്ഞവൾ ബോധ-
　　ഹീനയായ്ക്കിടക്കുന്നു.
അമ്മയാ മരുന്നുമായ്
　　അങ്ങിങ്ങു പായുന്നോട്ട-
'ന്നെങ്ങുപോയ് ഡോക്ടർ', വീട്ടിൽ
　　കാറയയ്ക്കണം വേഗം
(കാറിനും പണത്തിനായ്
　　ശക്തമേകുവാനിനി-
ക്കാണുകില്ലെന്നിൽ, കണ്ണു-
　　മഞ്ഞളിച്ചീടുന്നയ്യോ!

ഏതു നിൻ
പാർട്ടി ചൊല്ലൂ

ഉയരെ മിഹിര,നുഗ്രൻ തീവെയിൽവ്യോമദേശ-
ത്തവശരഴകുമേഘത്തുണ്ടുകൾക്കിണ്ടലേറി ;
പുറകെ ചപലനേത്രം ഭീതിയോടിട്ടെറിഞ്ഞും,
അനിലനവിടെയോട്ടം തേരിലേറുന്നു ചെമ്മേ, ।

അവരെ വിരവിലെത്തിക്കൈക്കലാക്കാൻ ശ്രമിക്കു-
ന്നിവിടെയുയരെ വിദ്യാഭ്യാസകേന്ദ്രാലയത്തി-
ന്നരുകിലരുതുവേണ്ടെന്നോതി പുഷ്പാശ്രുബിന്ദു
പൊഴിയുമഴകുവല്ലിച്ചാർത്തുകൾ കേണിടുന്നോ

അവിടെ ബഹളമെന്തോ വിദ്യതന്നർത്ഥിവൃന്ദ
പ്പടകളിരുവിഭാഗം തമ്മിലാർത്തട്ടഹാസം
അടിയുമിടിയുമോട്ടം, സഭ്യമല്ലാത്തവാക്കിൻ
ബഹളമൊരുവനയ്യോ! ചെന്നിണം തുപ്പിടുന്നു.

തുടരെയവരുനീളേവീഥിതൻ ചുറ്റുപാടും
നരികളിരകളെപ്പോലേറ്റുമുട്ടുന്നു തമ്മിൽ
ഒരുവനപരനോടായ് പത്തു “നിൻപാർട്ടി ചൊല്ലൂ”
അപരനതുവിടുന്നു! താഡനം ഭേദനങ്ങൾ

ഉടനെയെവിടെനിന്നോ പാഞ്ഞുവന്നെത്തിവേഗം
നിയമവടികളാകും ലാത്തിപേറുന്ന പോലീസ്
അലകളുതു കടൽക്കാറ്റാഞ്ഞടിക്കുന്ന നേരം
ഉയരുമതുവിധം ഹുംകാരശബ്ദങ്ങളോടെ

തലകളടികളേറ്റേ ഠഠഠ്യബോധം ചിലർക്കാ
[illegible]കൈകാൽ പൊട്ടി[illegible]ർത്ഥിവൃന്ദം
[illegible]തിയതിനസർക്കാർ തൊപ്പിയും ലാത്തിതാനം
അണിയുമവരിലും! ഹൊ! മർത്ത്യചിത്തങ്ങളില്ലേ!

ഒരിതമിതിനുമുൻപും കണ്ടിതില്ല പിന്നിലെന്തി
പകകളെവിടെനിന്നാണെന്ത് ഭവിക്കുന്ന കഷ്ടം
ഇനിയുമിതുവിധത്തിൽ [illegible] [illegible]നിയാളി-
പ്പടരുമിവിടെയെങ്കിൽ സ്നേഹമേ, നീനശിക്കും

(അരുളു കരകവേണ്ടാ മാമകാക്ഷി നിനക്കും
കരയുവതിനു കണ്ണീർ ബാക്കിയില്ലെങ്കിലും നീ-
അധികമതിശയത്തിൽ മാഴ്കിടാറായി നാടിൻ-
മരണമതിലൊരാളിൻ കയ്യിലാകില്ലയാമോ?)

അത്യന്താധുനികത

"കാവ്യം രചിപ്പൂ! കവി! താനൊരുമണ്ടുകീറം
വൃത്തം ഗണം പഴയ ഗോഷ്ഠികളല്ലികയ്യും
നൂററാണ്ടിതേതു തനിപ്പുതനമാണെടോ കേൾ
അത്യന്തമാധുനിക കാവ്യമതേ ജ്വലിക്കൂ"

സംസാരമല്ലൊ്യ ഇതു ചർച്ചയിലായിതെന്റെ
കൂട്ടാളി ആധുനിക കാവ്യമെഴുത്തുകാരൻ
മേശപ്പുറത്തു ബലമോടെ ഇടിച്ചു ചൊല്ലി
തൻകാവ്യമൊന്നു തെളിവിനു നിരത്തിവച്ചു

"പാടാമിതിപ്പോഴതിഗൂഢമിതിന്റെയർത്ഥം
ചൊല്ലാമിതാധുനികമെന്നുടെ കാവ്യധാര
നന്നായ് രചിച്ചവശരാം ജനമാസ്വദിക്കാൻ
അത്യന്തമാധുനികവിപ്ലവകാവ്യമത്രേ

ടാണം ടണാം ടണ ണ ടാണ ടണ കപണങ്ങൾ
ക്രൂർക്കം ഉഷിച്ച മലമൂത്ര വിസർജ്ജനത്തിൻ
ഗന്ധം ടണാം ടണ ണ മയ്യ! നിലംപതിച്ചു!
കയ്യെത്തി എത്തി നരത്ത മഹാ ഹഹാ ഹാ-

അയ്യോ! ഇതോ' കവിത തൊന്തടനമ്പരന്നു
എന്താണിതിൻ പൊരുളുതാർക്കു മനസ്സിലാകും
ടാണം ടണാമിതൊരു ശബ്ദമതിന്നുമുണ്ടോ
ഗൂഢാർത്ഥമെങ്കിലതു ചൊല്ലു സഹോദരാ നീ

ഒന്നായ്ത്തെളിഞ്ഞു മുറിബുദ്ധിയതൊന്നു കത്തി-
ച്ചാഹ്ളാദമാധുനിക കാവ്യമണ്ഡാളനെന്റെ
നേരേതിരിഞ്ഞു ചെറുപുഞ്ചിരിത്തൂകിഓതി
ഗാത്രം കലക്കി അശരീരികളെന്നപോലെ

"സ്വാതന്ത്ര്യ ധർമ്മമടക്കൊരായിരത്തു'പേർ കിടക്കം
ഉർഗ്ഗന്ധപൂർണ്ണമൊരു ജേൽമുറിതൻപുറത്തായ്
പോലീസുകാരനൊരു പാവമിരുന്നുറങ്ങി
ആടുന്ന തൊട്ടുവതിനൊത്തു കലുങ്ങി താക്കോൽ

ഠാണം കിലുങ്ങിയതു മെല്ലെ നിലത്തു വീണു
ഞാം ഞാം മുഴങ്ങിയതു കയ്യിലെടുക്കുവാനായ്
നീളുന്ന ധർമ്മമടർതൻ കരമെത്തിയില്ല
നന്നായ് ശ്രമിച്ചു പിടികിട്ടി ഹഹാ ഹഹാ ഹ

എന്നക്ഷിതള്ളി! ചിറികോടി! ഇതോ മഹത്താം
അത്യന്തമാധുനിക? മെത്രഭയങ്കരത്വം
പക്ഷേ കഴപ്പ്മതു മൂക്കിനു മൂക്കിനെല്ലാം
അർത്ഥം പറഞ്ഞു കവി പാട്ടപെടേണമല്ലോ?